**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** | **24-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ കുടിശിക വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഏത് മാസം വരെയുള്ള ക്ഷേമ പെൻഷനുകളാണ് നാളിതുവരെ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പെൻഷൻ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷൻ കുടിശിക തുക സമാഹരിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ ആകെ 1064.63 കോടിയോളം രൂപയും, 2024-25 സാമ്പത്തിക വർഷം മെയ് 31 വരെ 112.59 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡു പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് ഒരു സാമ്പത്തിക വർഷം സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് മാത്രമേ ഉപയുക്തമാകുന്നുള്ളൂ. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ |

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്-ന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തു തന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. |
| (സി) | അർഹരായവർക്ക് ക്ഷേമ പെൻഷൻ കുടിശിക ഒറ്റത്തവണയായി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ ധനസഹായത്താൽ പെൻഷൻ വിതരണം നടത്തുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും നൽകുന്നതിനും ആയതിന്റെ വിതരണത്തിനായുള്ള ഇൻസെന്റീവ് നൽകുന്നതിനുമുൾപ്പെടെ 900 കോടി രൂപ പ്രതിമാസം സർക്കാർ അനുവദിക്കുന്നുണ്ട്. അർഹരായവർക്ക് ക്ഷേമ പെൻഷൻ കുടിശിക ലഭ്യമാക്കുന്ന വിഷയം നിലവിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ